**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2283 12.02.2020-ലെ മറുപടിക്ക്**

## സാമ്പത്തിക പ്രതിസന്ധി

**ചോദ്യം**

**ശ്രീ. റോജി എം. ജോൺ**

**ശ്രീ. വി. എസ്. ശിവകുമാർ**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**

**മറുപടി**

**ഡോ. ടി.എം. തോമസ് ഐസക്**

**ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനം അതീവഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നും ശമ്പളം ഉൾപ്പെടെയുള്ളവ മുടങ്ങുന്ന നിലയിലേക്കാണ് ധനസ്ഥിതി നീങ്ങുന്നത് എന്നതും വസ്തുതയല്ലേ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയുടെ അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് |
| (ബി) | സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ നിശ്ചലമാക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; | |

| | | |
|---|---|---|
| | | കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാകുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്.<br>നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും ആനാവശ്യ ചെലവുകളും ധൂർത്തും ഒഴിവാക്കിയും നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമാക്കിയും സാമ്പത്തിക അച്ചടക്കത്തിന്റെ അടിസ്ഥാന തത്ത്വങ്ങളിൽ ഊന്നിനിന്നു കൊണ്ടും നിലവിലെ പ്രതിസന്ധി തരണം ചെയ്യുവാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്. തത്ഫലമായി വികസന ക്ഷേമ പ്രവർത്തനങ്ങൾ ഭംഗം കൂടാതെ മുന്നോട്ട് കൊണ്ടു പോകുന്നതിന് സർക്കാരിന് സാധിച്ചിട്ടുണ്ട്. ശമ്പളം അടക്കമുള്ള അനിവാര്യ ഭരണച്ചെലവുകൾക്കും ക്ഷേമ വികസന ചെലവുകൾക്കും മുട്ടുണ്ടാകാതെ ട്രഷറി മാനേജ് ചെയ്ത് വരികയാണ്. |
| (സി) | തദ്ദേശസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചിട്ടുണ്ടോ എങ്കിൽ എത്ര ശതമാനം? | പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങൾക്ക് വികസന ഫണ്ടായി 7500 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ കുറവ് വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടില്ല. |



**സെക്ഷൻ ഓഫീസർ**